# പോലീസ് വകുപ്പ്

## കേരളം

**No. G2-27567/2025/ID**

ജില്ലാ പോലീസ് ഓഫീസ്,
ഇടുക്കി
✉spidk.pol@kerala.gov.in
📞04862232354
തീയതി. 01-09-2025

**ലേല പരസ്യം**

കുമിളി പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ അപകടാവസ്ഥയിൽനിന്നിരുന്നതിനെ തുടർന്ന് മുറിച്ചു മാറ്റിയ മരങ്ങൾ വിൽപ്പന നടത്തുന്നതിനുള്ള ലേലം 10 /09 /2025 തിയ്യതി രാവിലെ 11 മണിയ്ക്ക് കുമിളി പോലീസ് സ്റ്റേഷൻ കോമ്പൌണ്ടിൽ വെച്ച് നടത്തുന്നതാണ് .ലേലത്തിന് വെച്ചിട്ടുള്ള മരത്തടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**ITEM I**

| നമ്പർ | ഉരുപ്പടി | നീളം | ചുറ്റളവ് |
|---|---|---|---|
| 1 | കാറ്റാടി | 935 cm | 190 cm |
| 2 | | 570 cm | 170 cm |

**ITEM 2**

| നമ്പർ | ഉരുപ്പടി | നീളം | ചുറ്റളവ് |
|---|---|---|---|
| 1 | മാവ് | 575 cm | 175 cm |

**ITEM 3**

| നമ്പർ | ഉരുപ്പടി | നീളം | ചുറ്റളവ് |
|---|---|---|---|
| 1 | മാവ് | 130 cm | 120 cm |
| 2 | | 105 cm | 110 cm |
| 3 | | 105 cm | 115 cm |
| 4 | | 165 cm | 97 cm |
| 5 | | 105 cm | 100 cm |
| 6 | | 160 cm | 105 cm |

ടി ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം രാവിലെ 11.00 മണിയ്ക്ക് മുൻപായി നിരതദ്രവ്യമായി 4,500 /- രൂപ ( നാലായിരത്തി അഞ്ഞൂറ് രൂപ മാത്രം ) ലേല സ്ഥലത്ത് അടച്ച് രസീത് വാങ്ങേണ്ടതാണ്. കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന വ്യക്തിയ്ക്ക് ലേലം ഉറപ്പിക്കുന്നതാണ് . ലേലം കൊള്ളുന്ന വ്യക്തി നിരതദ്രവ്യം കഴിച്ച് ലേല സംഖ്യയും, ലേല തുകയുടെ 18 ശതമാനം GST യും ചേർന്ന തുകയുടെ 5 ശതമാനം വന വികസന നികുതിയും അടവാക്കേണ്ടതാണ്. വന വികസന നികുതിയായി ഈടാക്കുന്ന തുക "0406-01-101-96-00-00-FDT " എന്ന ശീഷകത്തിൽ ഡിവിഷണൽ ഫോറെസ്റ്റ് ഓഫീസർ കോട്ടയത്തിന്റെ പേർക്ക് അടച്ച് അസ്സൽ രസീതി ഹാജരാക്കേണ്ടതാണ് . ടി രസീതി ഡിവിഷണൽ ഫോറസ്ററ് ഓഫീസർ കോട്ടയത്തിന് അയച്ചു കൊടുക്കുന്നതാണ് .ഈ കാര്യാലയത്തിൽ നിന്നും ലേലം സ്ഥിരപ്പെടുത്തികൊണ്ടുള്ള ഉത്തരവ് കിട്ടിയ ശേഷം 15 ദിവസത്തിനുള്ളിൽ ലേലം കൊണ്ടയാൾ സ്വന്തം ചെലവിനും ഉത്തരവാദിത്വത്തിലും ടി മരത്തടികൾ കൊണ്ട് പോകേണ്ടതും, മറ്റു മരങ്ങൾക്കൊ കെട്ടിടങ്ങൾക്കൊ കേടുപാടുകൾ സംഭവിക്കാതെ നോക്കേണ്ടതുമാണ്. അങ്ങനെ സംഭവിച്ചാൽ ആയതിനുള്ള നഷ്ടം ലേലം പിടിച്ച വ്യക്തിയിൽ നിന്നും ഈടാക്കുന്നതായിരിക്കും വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിച്ചാൽ ലേലം കൊണ്ടയാൾ നിരതദ്രവ്യം ഉൾപ്പെടെ അതുവരെ അടച്ച മുഴുവൻ തുകയും സർക്കാരിലേയ്ക്ക് മുതൽ കൂട്ടുന്നതും, ടി മരങ്ങൾ പുനർ ലേലം ചെയ്യുന്നതുമായിരിക്കും . അപ്രകാരം നടത്തുന്ന പുനർലേലത്തിൽ സർക്കാരിനുണ്ടായേക്കാവുന്ന നഷ്ടം മുൻ ലേല കാരനിൽ നിന്നും ഈടാക്കുന്നതും, മറിച്ച് കൂടുതലായി ലേല തുക ലഭിക്കുകയാണെങ്കിൽ ടി അധിക തുകയിൽ മുൻ ലേലക്കാരന് യാതൊരു വിധ അവകാശമോ, അർഹതയോ ഉണ്ടായിരിക്കുന്നതല്ല .

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് ലേല ദിവസത്തിന് മുൻപുള്ള പ്രവർത്തി ദിവസങ്ങളിൽ രാവിലെ 11.00 നും വൈകീട്ട് 4.00 നും ഇടയിലുള്ള സമയങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ലേലം ചെയ്യാനുള്ള മരങ്ങൾ പരിശോധിക്കാവുന്നതാണ് . യാതൊരു മുന്നറിയിപ്പും കൂടാതെ ലേലം മാറ്റി വയ്ക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിമുള്ള അധികാരം ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും . ലേലം സംബന്ധിച്ച എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ലേലത്തിൽ ബാധകമായിരിക്കും .

സാബു മാത്യു കെ എം IPS
ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : ലേല കമ്മിറ്റി ചെയർമാനും, അംഗങ്ങൾക്കും അറിവിലേയ്ക്കും തുടർ നടപടിയ്ക്കുമായി.

പകർപ്പ് : 1) ജില്ലാ ഇൻഫൊർമേഷൻ ഓഫീസർ, ഇടുക്കി പത്ര പരസ്യം ചെയ്യുന്നതിനായി. 2)എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും, ബറ്റാലിയൻ കമാണ്ടർമാർക്കും അറിവിലേയ്ക്കും വ്യാപക പരസ്യത്തിനുമായി. 3) ഇടുക്കി ജില്ലയിലെ എല്ലാ ഓഫീസർമാർക്കും വ്യാപക പരസ്യത്തിനായി. 4) ഡി.പി.ഓ, കാഷ്യർക്ക് അറിവിലേയ്ക്കും തുടർ നടപടിയ്ക്കുമായി.